**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് - വികലാംഗരായ കുട്ടികളുള്ള സഹകരണ സംഘം ജീവനക്കാർക്ക് വിദ്യാഭ്യാസ ബത്ത വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (സി) വകുപ്പ്**

**സ.ഉ.(കൈ)നം.13/2020/സഹ. തീയതി, തിരുവനന്തപുരം,21/03/2020.**

---

പരാമർശം:- 1. 18/12/2009 ലെ സ.ഉ(കൈ)നം.215/2009/സഹ നമ്പർ സർക്കാർ ഉത്തരവ്.

2 12/01/2012 ലെ സ.ഉ.(കൈ)നം7/2012/സഹ നമ്പർ സർക്കാർ ഉത്തരവ്.

3 20/01/2016 ലെ സ.ഉ.(പി)നം.7/2016/ധന നമ്പർ സർക്കാർ ഉത്തരവ്.

4 സഹകരണ സംഘം രജിസ്ട്രാറുടെ 24/06/2019 ലെ ഇ.എം (3)1588/ 2019 നമ്പർ കത്ത്.

**ഉത്തരവ്**

വികലാംഗരായ കുട്ടികളുള്ള സഹകരണ സംഘം ജീവനക്കാർക്ക് സംഘം പ്രതിമാസം 150/- രൂപ നിരക്കിൽ നിബന്ധനകൾക്ക് വിധേയമായി വിദ്യാഭ്യാസബത്ത അനുവദിച്ച് പരാമർശം (1) പ്രകാരവും പ്രസ്തുത തുക 450/- രൂപയായി വർദ്ധിപ്പിച്ച് പരാമർശം (2) പ്രകാരവും ഉത്തരവായിരുന്നു.

2).വികലാംഗരായ കുട്ടികളുള്ള സർക്കാർ ജീവനക്കാർക്ക് നൽകിയിരുന്ന വിദ്യാഭ്യാസബത്ത 450/- രൂപയായിരുന്നത് 600/- രൂപയായി വർദ്ധിപ്പിച്ച് പരാമർശം (3) പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതിനാൽ സഹകരണ സംഘം ജീവനക്കാർക്കും പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസബത്ത വർദ്ധിപ്പിക്കാവുന്നതാണെന്ന് സഹകരണ സംഘം രജിസ്ട്രാർ പരാമർശം (4) പ്രകാരം റിപ്പോർട്ട് നൽകിയിട്ടുണ്ട്.

3). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സഹകരണ ചട്ടം 199 പ്രകാരം കേരള സർവ്വീസ് റൂൾസ് പ്രകാരം ബാധകമായ അലവൻസുകൾ സഹകരണ സംഘം ജീവനക്കാർക്കും ബാധകമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ അംഗവൈകല്യം/മാനസിക വൈകല്യം ബാധിച്ച കുട്ടികളുള്ള സഹകരണ സംഘം ജീവനക്കാർക്ക് പരാമർശം (2) പ്രകാരം

അനുവദിച്ചിട്ടുള്ള വിദ്യാഭ്യാസബത്ത നിബന്ധനകൾക്ക് വിധേയമായി 600/- രൂപയായി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഗോപകുമാർ പി.കെ.**
**ഡെപ്യൂട്ടി സെക്രട്ടറി**

1). സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.
2). വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
3). സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**